LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ബാങ്കുകളുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച്

24 [336] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബാങ്കുകളുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മുൻപ് ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചപ്പോൾ ഹൈക്കോടതി ഇടപെടുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ; ഇതിന്മേൽ അപ്പീൽ നിലവിലുണ്ടോ?

ഉത്തരം

(എ) കേരള മണി ലെൻഡിംഗ് നിയമപ്രകാരമുള്ള ലൈസൻസ് ഫീസ് 3000 രൂപയിൽനിന്നും 5,000 രൂപയാക്കി ഉയർത്തുവാൻ 2004-2005-ലെ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) 1996-ൽ മണി ലെൻഡേഴ്സ് ലൈസൻസ് ഫീസ് 2,000 രൂപയിൽനിന്നും 10,000 രൂപയാക്കി വർദ്ധിപ്പിച്ചതിനെതിരെ കേരള ചെറുകിട പണമിടപാട് സ്ഥാപനക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് കോടതി വർദ്ധിപ്പിച്ച ലൈസൻസ് ഫീസ് 5,000 രൂപയായി കുറവുചെയ്തിരുന്നു. ഈ കോടതിവിധിയെ തുടർന്ന് 1997-ലെ ധനകാര്യ ബിൽപ്രകാരം ലൈസൻസ് ഫീസ് 5,000 രൂപയാക്കി നിജപ്പെടുത്തി (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു†). എന്നാൽ ഈ ഭേദഗതിയേയും ചോദ്യംചെയ്ത് കേരള ചെറുകിട പണമിടപാട് സ്ഥാപനങ്ങൾ വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും, ബഹു. കോടതി ഈ വർദ്ധനവ് യുക്തിക്ക് നിരക്കാത്തതും പക്ഷപാതപരവുമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ലൈസൻസ് ഫീസ് 3,000 രൂപയായി കുറയ്ക്കാൻ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത ഹൈക്കോടതി വിധിക്കെതിരെ ഗവൺമെന്റ് ബഹു. സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. സുപ്രീംകോടതി 3,000 രൂപയിൽ കൂടുതൽ അടച്ചിട്ടുള്ളവർക്ക് കൂടുതൽ അടച്ച തുക തിരികെ നൽകേണ്ട എന്ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ഇതുവരെ ഉണ്ടായിട്ടില്ല.

സാമ്പത്തികനിലയും ആനുകൂല്യ പുനഃസ്ഥാപനവും

25 [337] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ സാമ്പത്തികനില എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ പൊതുകടം, മറ്റ് ബാദ്ധ്യതകൾ എന്നിവ എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻ സർക്കാർ വരുത്തിവച്ച എന്തെല്ലാം ബാദ്ധ്യതകളും പൊതുകടവും തീർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെട്ടിട്ടുണ്ടോ; സാമ്പത്തികനില ഇപ്പോൾ ഭദ്രമാണോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) സാമ്പത്തികനില മെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ സർക്കാർ ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായും പുനഃസ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) സാമ്പത്തികനില മെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളെല്ലാം പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ജി) സർക്കാർ സർവ്വീസിൽ ആവശ്യമായ പുതിയ തസ്തികകൾ ഉണ്ടാക്കുന്നതും തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതും നിയന്ത്രിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(എച്ച്) സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പിൻവലിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഐ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റിസർവ്വ് ബാങ്കുമായുള്ള കണക്കിൽ 160.35 കോടി രൂപയുടെ ഓവർ ഡ്രാഫ്റ്റിൽ ആയിരുന്നതിനു പുറമേ 25,721.48 കോടി രൂപയുടെ പൊതുകടം ഉൾപ്പെടെയുള്ള ബാദ്ധ്യതകളും 3,500 കോടി രൂപയുടെ വിവിധ ഇനങ്ങളിലുള്ള കുടിശ്ശികയും സർക്കാർ ജീവനക്കാർക്ക് 4 ഗഡു ക്ഷാമബത്ത കുടിശ്ശികയും ഉണ്ടായിരുന്നു.

(സി) 31-3-2004-ലെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാർ എടുത്തതുൾപ്പെടെ 47,686.52 കോടി രൂപയുടെ പൊതുകടം തിരിച്ചടച്ചിട്ടുണ്ട്. കുടിശ്ശിക ഉൾപ്പെടെ 6 ഗഡു ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. കരാറുകാർക്ക് നൽകാനുണ്ടായിരുന്ന മുൻ കുടിശ്ശിക മുഴുവനും നൽകുകയും ചെയ്തു.

(ഡി) മുമ്പുള്ളതിൽനിന്നും മെച്ചപ്പെട്ടിട്ടുണ്ട്.

(ഇ) അതിന്റെയടിസ്ഥാനത്തിലും കൂടിയാണ്.

(എഫ്) സർക്കാർ ജീവനക്കാരുടെ പിൻവലിക്കപ്പെട്ട ഒട്ടുമിക്ക ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) പരിശോധിക്കുന്നതാണ്.

(ഐ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly